**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4039** **20.03.2018 ൽ മറുപടിയ്ക്ക്**

## നേന്ത്ര വാഴക്കൃഷിയിൽ കൈവരിച്ച വളർച്ച

**ചോദ്യം**

**ശ്രീ.റോജി എം. ജോൺ**

2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ നേന്ത്ര വാഴക്കൃഷിയിൽ എത്ര ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2015-16,2016-17 വർഷങ്ങളിലെ സംസ്ഥാനത്തെ നേന്ത്രവാഴ കൃഷിയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വിസ്തൃതി(ഹെക്ടർ) | ഉല്പാദനം(മെട്രിക് ടൺ) |
|---|---|---|
| 2015-16 | 59835 | 536155 |
| 2016-17 | 57158 | 489322 |

2016-17 വർഷത്തിൽ ഉണ്ടായ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ച മൂലമാണ് വിസ്തൃതിയിൽ 4.47 ശതമാനവും ഉല്പാദനത്തിൽ 8.73 ശതമാനവും കുറവ് വന്നിരിക്കുന്നത്. പത്തനംതിട്ട, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലാണ് നേന്ത്രവാഴ കൃഷിയിൽ 2016-17 വർഷത്തിൽ കുറവ് വന്നിട്ടുള്ളത്. ഈ സാമ്പത്തിക വർഷം ഉൽപാദനം വർദ്ധിക്കും എന്നാണ് കൃഷി വകുപ്പ് വിലയിരുത്തിയിരിക്കുന്നത്.

Mayap

സെക്ഷൻ ഓഫീസർ